File No.LBRD-F2/68/2021-LBRD

25141-13/2021

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - ഇ.എസ്.ഐ ആശുപത്രികളിലെ നഴ്സിംഗ് വിഭാഗം തസ്തികകൾ പുനർനാമകരണം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും(എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.1410/2021/തൊഴിൽ തീയതി,തിരുവനന്തപുരം, 04/12/2021

---

പരാമർശം:- 1. 06-05.2021 ലെ സ.ഉ(കൈ) നം.88/2021/ആ.ക.വ.

2. കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 21.06.2021 ലെ നിവേദനം.

3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 22.07.2021 ലെ ബി2-699/2021/ഡി.ഐ.എം.എസ് നമ്പർ കത്ത്.

ഉത്തരവ്

ആരോഗ്യവകുപ്പിലെ നഴ്സിംഗ് വിഭാഗം തസ്തികകളെ പുനർനാമകരണം ചെയ്തു കൊണ്ട് പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന് സമാനമായി ഇ.എസ്.ഐ ആശുപത്രികളിലെ നഴ്സിംഗ് വിഭാഗം തസ്തികകളും പുനർനാമകരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 2 പ്രകാരം കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. ആരോഗ്യവകുപ്പിലെയും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെയും നഴ്സിംഗ് വിഭാഗം തസ്തികകളുടെ ശമ്പള സ്കെയിൽ, ജോലി സ്വഭാവവും, നിയമനരീതിയും സമാനമാണെന്നും ആരോഗ്യവകുപ്പിലെ പ്രസ്തുത തസ്തികകൾ പുനർനാമകരണം ചെയ്യപ്പെട്ട സാഹചര്യത്തിൽ ഒരു ഏകീകൃത സ്വഭാവം കൈവരുന്നതിനായി ഇ.എസ്.ഐ ആശുപത്രികളിലെ നഴ്സിംഗ് വിഭാഗം തസ്തികകൾ പുനർനാമകരണം ചെയ്യുന്നത് ഉചിതമായിരിക്കുമെന്നും ആയത് വഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ലയെന്നും പരാമർശം 3 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യവകുപ്പിലെ നഴ്സിംഗ് വിഭാഗം തസ്തികകളെ പുനർനാമകരണം ചെയ്തു കൊണ്ട് പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന് അനുസൃതമായി തസ്തികകൾ പുനർനാമകരണം ചെയ്യുന്നത് വഴി സർക്കാരിന് ഇപ്പോഴോ ഭാവിയിലോ അധിക സാമ്പത്തിക ബാധ്യതയോ സാങ്കേതിക പ്രശ്നങ്ങളോ ഭരണപരമായ പ്രശ്നങ്ങളോ ഉണ്ടാകില്ലെന്ന വ്യവസ്ഥയിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഇ.എസ്.ഐ ആശുപത്രികളിലെ നഴ്സിംഗ് വിഭാഗം തസ്തികകളെ ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | നിലവിലെ തസ്തിക നാമം | പുനർനാമകരണം ചെയ്ത തസ്തിക നാമം |
|---|---|---|
| 1. | സ്റ്റാഫ് നഴ്സ് ഗ്രേഡ് II | നഴ്സിംഗ് ഓഫീസർ |
| 2. | സ്റ്റാഫ് നഴ്സ് ഗ്രേഡ് I | നഴ്സിംഗ് ഓഫീസർ ഗ്രേഡ് I |
| 3. | ഹെഡ് നഴ്സ് | സീനിയർ നഴ്സിംഗ് ഓഫീസർ |
| 4. | നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് II | ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് |
| 5. | നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I | നഴ്സിംഗ് സൂപ്രണ്ട് |

4) മേൽ തസ്തികകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച് ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള ശിപാർശ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.എസ്.ശ്രീകല
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. റ്റി.സുബ്രഹ്മണ്യൻ, ജനറൽ സെക്രട്ടറി, കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ, സെൻട്രൽ ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
ധനകാര്യ (ലേബർ) വകുപ്പ് (29.11.2021 ലെ എൽബിആർ-1/239/2021-ധന(1859647) പ്രകാരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്